
**ജൂലായ് ഒന്നു മുതൽ കേന്ദ്ര സർക്കാർ ഭക്ഷ്യസുരക്ഷാനിയമത്തിന്റെ പരിധിയിൽപെടുത്തി നടപ്പാക്കാൻ പോകുന്ന മാനദണ്ഡങ്ങൾ ജൈവകൃഷിയുടെ അടിവേരറുക്കുന്നത് എങ്ങനെയൊക്കെയെന്ന് വിശദീകരിക്കുന്നു. മണ്ണിനോടുള്ള ജൈവബന്ധവും കൂട്ടായ്മകളും മൂലധനമാക്കി മാത്രം അതിജീവിക്കുന്ന ജൈവകൃഷിയെ പുതിയ നിയമം തകർത്തുകളയും. പാരിസ്ഥിതിക ജാഗ്രതയുള്ള പ്രതിരോധങ്ങളെ റദ്ദാക്കുകയാണ് പുതിയ നിയമം.**



# ജൈവകൃഷിയുടെ ജീവനെടുക്കുന്നു

**എസ്. ഉഷ**



ഫോട്ടോ: സാം. പന്താകി/എ.പി.

ജൈവോത്പന്നങ്ങളുടെ ഗുണനിലവാരം നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിന്റെ ആരോഗ്യവകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ നിയന്ത്രണ അതോറിറ്റി തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാനിയമത്തിന്റെ (2006) പരിധിക്കുള്ളിൽതന്നെ ഒരു പുതിയ ജൈവോത്പന്ന മാനദണ്ഡം അവർ എഴുതിച്ചേർത്തിരിക്കുകയാണ്. 2017-ൽ ഇതിന്റെ രൂപരേഖ ഉണ്ടാക്കി അവർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ജൈവകൃഷിമേഖലയിൽ പ്രവർത്തിക്കുന്നവർ ഈ നിയമത്തിലെ പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കുകയും ഭക്ഷ്യസുരക്ഷാവകുപ്പിലെ ഈ മാനദണ്ഡം ഉണ്ടാക്കുന്ന കമ്മിറ്റിയുമായി ചർച്ചചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അറിയുന്നത് ഈ നിയമം ജൂലായ് ഒന്നുമുതൽ നടപ്പിലാക്കുമെന്നാണ്.

ഇത് നിർബന്ധമാക്കിയാൽ സത്യസന്ധമായി നടത്തുന്ന ജൈവകൃഷിവ്യാപനത്തെ മുരടിപ്പിക്കുകയായിരിക്കും ചെയ്യുക എന്ന് ഈ രംഗത്ത് വർഷങ്ങളായി പ്രവർത്തിക്കുന്നവർ ഉത്കണ്ഠപ്പെടുന്നു.

പരിസ്ഥിതിയെ നശിപ്പിക്കുന്ന കാർഷികരീതികളെ ചോദ്യംചെയ്ത് ജൈവകൃഷി വളർത്തിക്കൊണ്ടുവന്നത് ഈ വിഷയത്തിൽ താത്പര്യമുള്ള കുറച്ച് വ്യക്തികളും സംഘടനകളുമൊക്കെയാണ്. സർക്കാരുകൾപോലും അടുത്തകാലത്താണ് ജൈവകൃഷിയെ പിന്തുണയ്ക്കാൻ തുടങ്ങിയിട്ടുള്ളത്. ഇന്ന് കൃഷി മാത്രമല്ല, ജൈവോത്പന്നവിപണിയും വളർത്തിക്കൊണ്ടുവരുന്നത് പരിസ്ഥിതി സാമൂഹിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളും വ്യക്തികളും അവരെ സഹായിക്കുന്ന വിദഗ്ധരുമാണ്. മൊത്തം ഭക്ഷ്യവിപണിയുടെ ചെറിയൊരു ഭാഗം മാത്രമുള്ള ജൈവോത്പന്ന വിപണിയെ സർട്ടിഫിക്കേഷൻ, ലേബലിങ്, പാക്കേജിങ്, കീടനാശിനിയവശി ►

▸ ഷ പരിശോധന തുടങ്ങിയ മാനദണ്ഡങ്ങളിലൂടെ നിയന്ത്രിക്കാൻ ഈ ഘട്ടത്തിൽ ശ്രമിക്കുന്നത് ഈ മേഖലയുടെയും ചെറുകിട ജൈവകർഷകരുടെയും നിലനില്പുതന്നെ ബുദ്ധിമുട്ടിലാക്കും. ചെറുകിട സംരംഭങ്ങളെ വൻകിടക്കാർ പിടിച്ചെടുക്കുന്നത് ഇന്നത്തെ ഒരു നയംതന്നെയായിരിക്കെ ജൈവ വിപണിയും വൻകിടക്കാരിലേക്ക് മാറ്റാനുള്ള ഒരു തന്ത്രമാണോ ധൃതിപിടിച്ച് കൊണ്ടുവന്നിരിക്കുന്ന ഈ നിയന്ത്രണമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

## ഈ നിയമത്തിൻെറ പ്രധാന സവിശേഷതകൾ

പ്രധാന ഒരു നിബന്ധന ജൈവ ഭക്ഷണസാധനങ്ങൾ വിൽക്കുന്ന ഏജൻസികളെല്ലാം കേന്ദ്രസർക്കാർ അംഗീകരിച്ച ജൈവ സർട്ടിഫിക്കേഷൻ വ്യവസ്ഥകൾ അനുസരിച്ച് മാത്രമേ വില്പനനടത്താൻ പാടുള്ളൂ എന്നാണ്. സാധാരണ ഭക്ഷണസാധനങ്ങൾക്കായി അംഗീകരിച്ചിട്ടുള്ള ലേബലിങ് വ്യവസ്ഥകൾക്ക് പുറമേ ജൈവഭക്ഷണങ്ങൾക്കുള്ള സർട്ടിഫിക്കേഷൻ അനുസരിച്ചുള്ള ലേബലിങ്ങും ഇവർ പാലിച്ചിരിക്കണം.

ഇതിനുപുറമേ ഭക്ഷ്യസുരക്ഷാനിയമം അനുശാസിക്കുന്ന രാസമാലിന്യങ്ങൾ, കീടനാശിനിയവശിഷ്ടം, രാസചേരുവകൾ തുടങ്ങിയവയുടെ ജൈവോത്പന്നങ്ങൾക്കായുള്ള പ്രത്യേക അളവുനിയന്ത്രണവും ഇവർ പാലിച്ചിരിക്കണം. നിർദേശിച്ചിട്ടുള്ള ഈ മാനദണ്ഡം അങ്ങേയറ്റം അശാസ്ത്രീയമാണെന്ന് വിദഗ്ധർ അഭിപ്രായപ്പെടുന്നു. മറ്റൊരുകാര്യം ജൈവ സർട്ടിഫിക്കേഷൻ ആവശ്യപ്പെടുന്ന സുതാര്യതയും ഇവർ ഉറപ്പാക്കണം.

**കർഷകരും ചെറുകിട ജൈവ സംരംഭങ്ങളും നേരിടുന്ന വെല്ലുവിളികൾ.** വരുന്ന ജൂലായ് ഒന്നുമുതൽ ജൈവോത്പന്ന സർട്ടിഫിക്കേഷൻ ഇല്ലാത്ത ഒരു ഉത്പന്നവും ജൈവമാണെന്ന് പറഞ്ഞ് വിൽക്കാൻകഴിയില്ല എന്ന് ഈ നിയമം അനുശാസിക്കുന്നു. കർഷകർക്ക് തങ്ങളുടെ ജൈവോത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വിൽക്കുന്നതിന് നിയമതടസ്സമില്ല. ഇത് പക്ഷേ, കർഷകർക്ക് വലിയ ഗുണമൊന്നും ചെയ്യുന്നില്ല. കാരണം മിക്കവാറും ജൈവകർഷകർക്കും തങ്ങളുടെ ഉത്പന്നങ്ങൾ മുഴുവനായി നേരിട്ട് വിൽക്കാൻ കഴിയുന്നില്ല. അവർ ഇന്ന് പിടിച്ചുനിൽക്കുന്നത് ന്യായമായ വില നൽകി അവരുടെ ഉത്പങ്ങൾ വാങ്ങുന്ന ഒരു ഏജൻസി ജൈവസംരംഭകർ ഉള്ളതുകൊണ്ടാണ്.

**ഉപഭോക്താക്കളെ വിഷംകുടിപ്പിക്കുന്ന കർഷകർക്കുമേൽ ഒരു നിയന്ത്രണവും ഭക്ഷ്യസുരക്ഷാവകുപ്പ് വെക്കുന്നില്ല. കീടനാശിനിയെപ്പറ്റിയോ അവശിഷ്ടങ്ങളെപ്പറ്റിയോ ഒരു വിവരവും കാണിക്കേണ്ടതില്ല. എന്നാൽ ജൈവകർഷകർ ഇതൊന്നും ഉപയോഗിക്കുന്നില്ല എന്ന് സർട്ടിഫിക്കേഷനിലൂടെയും ലേബലിങ്ങിലൂടെയും തെളിയിക്കേണ്ട ഗതികേടിലാണ്.**



ചെറുകിട റീട്ടെയിൽ ജൈവ സംരംഭകർ ഈ രംഗത്ത് ഒരു സാമൂഹിക ഉത്തരവാദിത്വംതന്നെ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. ഒരുപാട് വിദ്യാസമ്പന്നരായ ചെറുപ്പക്കാർ ജൈവകൃഷിയിലേക്കും ചെറുകിട ജൈവറീട്ടെയിൽ മേഖലയിലേക്കും കടന്നുവന്നതു തന്നെ പ്രകൃതിയോടും സമൂഹത്തോടുമുള്ള തങ്ങളുടെ ഉത്തരവാദിത്വബോധം കാരണമാണ്.

രണ്ടുതരത്തിലുള്ള ജൈവ സർട്ടിഫിക്കേഷനാണ് ഇന്ന് നിലവിലുള്ളത്. ഒന്ന് പുറത്തുനിന്നൊരു ഏജൻസി വന്ന് പരിശോധന നടത്തിയശേഷം നൽകുന്ന ഓർഗാനിക് സർട്ടിഫിക്കേഷൻ (Third Party Certification). ഇതാണ് ചെലവ് കൂടുതലുള്ള സർട്ടിഫിക്കേഷൻ. മിനിസ്ട്രി ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ കീഴിലുള്ള നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻെറ ഭാഗമായാണിത് നടപ്പാക്കുന്നത്. 35,000 രൂപ മുതൽ 60,000 രൂപവരെ ചെലവ് വരുന്ന ഒരു പരിപാടിയാണിത്. കൃഷി-കർഷക ക്ഷേമ വകുപ്പിൻെറ കീഴിലുള്ള നാഷണൽ സെൻറർ ഫോർ ഓർഗാനിക് ഫാമിങ്ങാണ് ചെലവ് കുറഞ്ഞ പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കേഷൻ നടത്തുന്നത്. ഇത് കുറെക്കൂടി സുതാര്യവും ചെറുകിട നാമമാത്ര കർഷകർക്ക് അനുയോജ്യവുമാണ്. അഞ്ചുമുതൽ ഇരുപതുവരെ കർഷകരുള്ള ഗ്രൂപ്പുകൾക്കാണ് പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുക. കേന്ദ്ര കൃഷിവകുപ്പിൻെറ അംഗീകാരം ലഭിച്ച റീജണൽ കൗൺസിലുകൾ (ആർ.സി.) വഴിയാണ് ഈ പരിപാടി നടപ്പാക്കുന്നത്. ഏകദേശം 370 ആർ.സി.കളേ ഇന്ന് നിലവിലുള്ളൂ. ജൂലായ് ഒന്നിന് മുൻപ് ഇന്നുള്ള ജൈവകർഷകർക്ക് സർട്ടിഫിക്കേഷൻ ചെയ്തുകൊടുക്കാൻ ഇവർക്ക് കഴിയുകയില്ല.

വാസ്തവത്തിൽ ജൈവ കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും വിദഗ്ധരും ചേർന്നാണ് ചെലവ് കുറഞ്ഞ ഈ രീതി രൂപപ്പെടുത്തിക്കൊണ്ടു വന്നത്. പി.ജി.എസ്. കൗൺസിൽ ഓഫ് ഇന്ത്യ എന്നാണ് ഈ



# മോഷ്ടിക്കപ്പെട്ട വിത്തുകളുടെ ശാസ്ത്രജ്ഞൻ

എസ്. ഉഷ

ദാദാജി ഖൊബ്രഗാഡെ

**നെൽവിത്തുകൾക്കുവേണ്ടി ജീവിതം സമർപ്പിച്ച കർഷകനായിരുന്നു ദാദാജി ഖൊബ്രഗാഡെ. വിത്തുകൾ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്ത അദ്ദേഹത്തിന് സ്വയം വികസിപ്പിച്ച വിത്തുകൾ കോർപ്പറേറ്റുകൾ അപഹരിച്ച് സ്വന്തമാക്കുന്നത് നോക്കിനിൽക്കേണ്ടിവന്നു. ഈയിടെ അന്തരിച്ച ദാദാജി രാമാജി ഖൊബ്രഗാഡെയെ അനുസ്മരിക്കുന്നു.**

മഹാരാഷ്ട്ര സംസ്ഥാനത്തെ ദാദാജി രാമാജി ഖൊബ്രഗാഡെ(80) എന്ന ചെറുകിട കർഷകൻ ഇക്കഴിഞ്ഞ മൂന്നാം തീയതി മരിച്ചു. മൈസൂരിലുള്ള സുഹൃത്തും സഹപ്രവർത്തകനുമായ കൃഷ്ണപ്രസാദാണ് ഈ വിവരം ഞങ്ങളെ അറിയിച്ചത്. ആരാണ് ദാദാജി ഖൊബ്രഗാഡെ? ഇന്ത്യയിലെ ലക്ഷക്കണക്കിന് പാവപ്പെട്ട ചെറുകിട കർഷകരിൽപ്പെട്ട ഒരാളാണ് ദാദാജി. എന്നാൽ ഈ കർഷകൻ മറ്റുപലരിൽനിന്നും വ്യത്യസ്തനാകുന്നത് അദ്ദേഹം ഒരു വിത്തുശാസ്ത്രജ്ഞനും കൂടിയായിരുന്നു എന്നതിനാലാണ്. അദ്ദേഹം വികസിപ്പിച്ചെടുത്ത എച്ച്.എം.ടി. (HMT) എന്ന വിത്താണ് ഇന്ന് മഹാരാഷ്ട്രയിലും മറ്റുപല സംസ്ഥാനങ്ങളിലും ആയിരക്കണക്കിന് കർഷകർ കൃഷിചെയ്തു വരുന്നത്.

ദാദാജി ഖൊബ്രഗാഡെ എന്ന കർഷകനെ ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തന്നത് പ്രസിദ്ധ നെല്ലുശാസ്ത്രജ്ഞനായ ഡോ. റിച്ചാറിയയുടെകൂടെ ഏറെക്കാലം പ്രവർത്തിച്ച ജേക്കബാണ്. 2004-ൽ നെൽകൃഷി സംരക്ഷണവുമായി ബന്ധപ്പെട്ട് തണൽ ആദ്യമായി സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ പങ്കെടുക്കാൻ ദാദാജിയെയും കൂട്ടിയാണ് ജേക്കബ് വന്നത്. വളരെ ശാന്തനും സൗമ്യനുമായ ദാദാജി ഒരു പുഞ്ചിരിയോടെ അവിടെ പല കർഷകരും കൊണ്ടുവന്ന വിത്തുകൾ നോക്കിനടക്കുന്നത് ഇന്നും എന്റെ മനസ്സിലെ നല്ലൊരു ഓർമയാണ്. ഓരോ വിത്തും കൈയിലെടുത്തുനോക്കി ജേക്കബിനോട് ചർച്ച ചെയ്യുകയായിരുന്നു ദാദാജി.

താൻ വികസിപ്പിച്ചെടുത്ത എച്ച്.എം.ടി. വിത്തുമായാണ് ദാദാജി അവിടെ വന്നത്. ശില്പശാലയിൽ അദ്ദേഹം തന്റെ വിത്തിനെക്കുറിച്ച് സംസാരിക്കുകയും എങ്ങനെ ഒരു കാർഷിക ഗവേഷണകേന്ദ്രം ഈ വിത്തെടുത്ത് കൊണ്ടുപോയി അവരുടെതാക്കി എന്നും വിശദീകരിച്ചു. എച്ച്.എം.ടി.ക്കു പുറമേ അദ്ദേഹം ഏഴോളം നെൽവിത്തുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

നനുത്ത മണമുള്ള മൃദുവായ ചെറിയ നെൽവിത്താണ് എച്ച്.എം.ടി. നല്ല രുചിയുള്ള അരിയാണിത്. ഉപഭോക്താക്കൾ പെട്ടെന്നുതന്നെ ഈ അരി ഇഷ്ടപ്പെടുകയും കൂടുതൽ വില നൽകാൻ തയ്യാറാകുകയും ചെയ്തു. മഹാരാഷ്ട്രയിലെ വരണ്ട പ്രദേശമായ ചന്ദ്രപൂർ ജില്ലയ്ക്ക് അനുയോജ്യമായ വിത്തായതിനാലും പെട്ടെന്നുതന്നെ കൂടുതൽ കർഷകർ ഇത് കൃഷി ചെയ്യാനാരംഭിച്ചു. ഈ വിത്തിന്റെ ശരാശരി വിളവ് 40-45 ക്വിന്റൽ/ഹെക്ടർ ആണ്.

ദാദാജിയുടെ ഗ്രാമം ചന്ദ്രപൂർ ജില്ലയിലാണ്. 1982-83 ലാണ് ▸

ദാദാജി വിത്തുവികസനത്തിൽ ഏർപ്പെടാനാരംഭിച്ചത്. പ്രധാനമായും നെൽകൃഷിയാണ് ഇദ്ദേഹം ചെയ്തിരുന്നത്. ഒരിക്കൽ അദ്ദേഹം തൻെറ വയലിൽ വ്യത്യസ്തതയുള്ള ഒരു നെൽച്ചെടി കണ്ടെത്തി. ഈ ചെടിയിൽ നെന്മണികൾ കൂടുതൽ അടുക്കടുക്കായിട്ടാണ് നിന്നിരുന്നത്. ഈ വിത്തുകൾ തിരഞ്ഞെടുത്ത് വീണ്ടുംവീണ്ടും പല വർഷങ്ങൾ അദ്ദേഹം കൃഷിചെയ്തു. വർഷങ്ങൾ കഴിഞ്ഞപ്പോൾ ഈ സ്വഭാവം സ്ഥിരമായി കാണപ്പെട്ടു. വിളവ് കൂടുതലുള്ള ഈ ഇനം പെട്ടെന്നുതന്നെ മറ്റുകർഷകർ കൃഷിചെയ്യാൻ തുടങ്ങി. ഈ പുതിയ ഇനത്തിന് ഒരു പേര് വേണ്ടിവന്നു. ദാദാജിയുടെ ഗ്രാമത്തിൽ അന്ന് എച്ച്.എം.ടി. വാച്ച് പ്രചാരത്തിലുണ്ടായിരുന്നു. ദാദാജിയുടെ മനസ്സിലേക്ക് ഈ പേര് കയറിവന്നു. അങ്ങനെ പ്രസിദ്ധിനേടിയ ഒരു വാച്ചിൻെറ പേര് ഈ കർഷകശാസ്ത്രജ്ഞൻെറ നെല്ലിനത്തിന് വന്നുചേർന്നു. തൊണ്ണൂറുകളുടെ ആദ്യപാതിയിൽ എച്ച്.എം.ടി. നെൽവിത്ത് ഈ പ്രദേശത്തിൻെറ ഭാഗമായി.

1994- ൽ അകോളയിലെ കാർഷിക സർവകലാശാലയുടെ(പഞ്ചാബ്റാവു കൃഷി വിദ്യാപീഠ്) കീഴിലുള്ള നെല്ല് ഗവേഷണകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ ദാദാജിയെ കാണാൻ വരികയും പരീക്ഷണാവശ്യത്തിനെന്നുപറഞ്ഞ് അഞ്ച് കിലോഗ്രാം വിത്ത് കൊണ്ടുപോകുകയും ചെയ്തു. പിന്നീട് 1998- ൽ ഈ കാർഷിക സർവകലാശാലയിൽനിന്ന് പി.കെ.വി.- എച്ച്.എം.ടി. എന്നൊരു വിത്ത് പുറത്തിറങ്ങി. ദാദാജി കൊടുത്ത വിത്തിനെ വീണ്ടും ശുദ്ധീകരിച്ചെടുത്തതാണ് ഈ വിത്തെന്നാണ് പറയുന്നത്. എന്നാൽ യൂണിവേഴ്സിറ്റി ഒരിടത്തും ദാദാജിയുടെ പേരോ ഇതെവിടെനിന്ന് ലഭിച്ചെന്നോ പറയാനുള്ള സാമാന്യമര്യാദ കാണിച്ചില്ല.



തൊണ്ണൂറുകൾ കാർഷികമേഖലയെ സംബന്ധിച്ചിടത്തോളം ഏറെ കൊടുങ്കാറ്റടിച്ച കാലഘട്ടമാണ്. ലോകവ്യാപാരസംഘടന നിലവിൽ വന്നതും വിത്തുകളുടെയും ജൈവവൈവിധ്യത്തിൻെറയും മേൽ പേറ്റൻറ് എടുക്കാൻവേണ്ടിയുള്ള വടംവലികൾ തുടങ്ങിയതും എല്ലാം ഇക്കാലത്താണ്. ദാദാജിയുടെയും മറ്റുപല കർഷകരുടെയും പ്രവർത്തനങ്ങൾ പൊതുജനശ്രദ്ധയിലേക്ക് വരുന്നതും ഇക്കാലത്താണ്. 2004-ൽ, രണ്ടാം അന്താരാഷ്ട്ര നെൽവർഷമായി ആചരിച്ചവർഷം ഡോ. റിച്ചാറിയയുടെ പേരിലുള്ള അവാർഡ് ആദ്യം നൽകിയത് ദാദാജിക്കാണ്. അതിനുശേഷം നിരവധി സമ്മാനങ്ങൾ അദ്ദേഹത്തെ തേടിവന്നു. 2005 ആകുമ്പോഴേക്കും എച്ച്.എം.ടി.ക്കുപുറമേ ഏഴോളം നെല്ലിനങ്ങൾ അദ്ദേഹം വികസിപ്പിച്ചെടുത്തിരുന്നു. അതിലൊരു പ്രധാന വിത്ത് DRK 1 & 2 ഇന്ന് കർഷകരുടെ ഇടയിൽ പ്രചാരം നേടിവരുന്നു. ഇതിൻെറ വിളവ് ഏകദേശം ഒരു ഹെക്ടറിന് 45 ക്വിൻറൽ ആണ്.

നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ ഈ ഇനങ്ങളെയെല്ലാം പി.പി.വി.എഫ്.ആർ.(സസ്യയിനങ്ങളെയും കർഷകരുടെ അവകാശങ്ങളെയും സംരക്ഷിക്കാനുള്ള നിയമം)- ൽ ദാദാജിയുടെ പേരിൽ രജിസ്റ്റർ ചെയ്യാൻ സഹായിച്ചു. പിന്നീട് 2012- ൽ എച്ച്. എം. ടി.യുടെ അവകാശം അൻപതിനായിരം രൂപയ്ക്ക് ദാദാജിയിൽനിന്ന് എഴുതിവാങ്ങുകയും ചെയ്തു. സാധാരണ കർഷകരിലേക്ക് ഈ വിത്തുകൾ ചെലവുകുറച്ച് എത്തിക്കാനാണ് അവകാശം വാങ്ങിയത് എന്നാണ് അവകാശരേഖയിൽ സൂചിപ്പിച്ചിരുന്നത്. ആയിരക്കണക്കിന് ടൺ എച്ച്.എം.ടി. നെല്ല് ഉത്പാദിപ്പിക്കപ്പെടുമ്പോൾ അത് വിൽക്കപ്പെടുമ്പോൾ എന്തിനാണ് നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ അൻപതിനായിരം രൂപയ്ക്ക് എച്ച്.എം.ടി.യുടെ അവകാശം എഴുതിവാങ്ങിയതെന്ന് വ്യക്തമല്ല.

ഇതിനുശേഷം ഇന്നോവേഷൻ ഫൗണ്ടേഷൻ 12.5 ശതമാനം പലിശയ്ക്ക് മൂന്നുലക്ഷം രൂപ ദാദാജിക്ക് വായ്പകൊടുത്തു. ഒരുലക്ഷം രൂപ ദാദാജി തിരിച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ 2015- ൽ ദാദാജിക്കൊരു ആരോഗ്യ പ്രശ്നമുണ്ടാകുകയും ബാക്കി വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ വരികയും ചെയ്തു. ആ വർഷം മഴയും ഉണ്ടായില്ല. അങ്ങനെ രണ്ടരലക്ഷത്തോളം രൂപ കടം ബാക്കിയായി. ദാദാജിയുടെ മകൻ ഇന്നോവേഷൻ ഫൗണ്ടേഷനെ തങ്ങളുടെ ബുദ്ധിമുട്ടുകൾ അറിയിച്ചു. കടം എഴുതിത്തള്ളുകയോ കുറയ്ക്കുകയോ ചെയ്യണമെന്നും ആവശ്യപ്പെടുകയുണ്ടായി. പ്രൈവറ്റ് വിത്തുകമ്പനികൾക്ക് മറ്റ് വിത്തുകളുടെ അവകാശം കൊടുത്ത് പണം വാങ്ങി കടം വീട്ടാനുള്ള നിർദേശമാണ് അവർ ദാദാജിയുടെ മകന് നൽകിയത്.

നെല്ലിൻെറ മാത്രം 750- ഓളം ഇനങ്ങൾ ഇങ്ങനെ പല കർഷകരുടെയും സമുദായത്തിൻെറയും പേരിൽ പി.പി.വി.എഫ്. ആറിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയൊന്നും ഒരു പൊതു പൈതൃകമായിട്ടല്ല നിയമപരമായി പരിഗണിക്കപ്പെടുക. ഇതെല്ലാം വ്യക്തികളുടെയോ ചില ഗ്രൂപ്പുകളുടെയോ പേരിലാണ് രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്. എന്നും വിത്തുകൾ പങ്കിട്ടുവന്നിട്ടുള്ള കർഷകർക്ക് ഇത്തരം സങ്കീർണമായ നിയമാവലികൾ മനസ്സിലാക്കുക ഒട്ടും എളുപ്പമല്ല.

**ഇത്രയും വിത്ത് വികസിപ്പിച്ചെടുത്ത ആൾ, അവാർഡുകൾ ഏറെ നേടിയ ആൾ, ഒരുപാട് നെൽകർഷകർക്ക് സന്തോഷം നൽകിയ വ്യക്തി. പക്ഷേ, ദാദാജിയുടെ കുടുംബം ഇന്നും കഷ്ടപ്പാടിലാണ്. മറ്റേത് പാവപ്പെട്ട കർഷകരെയുംപോലെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടിക്കൊണ്ട് ദാദാജിയുടെ മകൻ കാർഷികവൃത്തി തുടരുന്നു.**

ജിജ്ഞാസുവായ ഒരു സാധാരണ കർഷകൻ നേരിട്ട സാങ്കേതിക ബുദ്ധിമുട്ടുകളാണ് ദാദാജിയിലൂടെ പുറത്തുവന്നത്. ഇത്രയും വിത്ത് വികസിപ്പിച്ചെടുത്ത ആൾ, അവാർഡുകൾ ഏറെ നേടിയ ആൾ, ഒരുപാട് നെൽകർഷകർക്ക് സന്തോഷം നൽകിയ വ്യക്തി. പക്ഷേ, ദാദാജിയുടെ കുടുംബം ഇന്നും കഷ്ടപ്പാടിലാണ്. മറ്റേത് പാവപ്പെട്ട കർഷകരെയുംപോലെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടിക്കൊണ്ട് ദാദാജിയുടെ മകൻ കാർഷികവൃത്തി തുടരുന്നു.

നമ്മുടെ നാടിൻെറ ഭക്ഷ്യസുരക്ഷയ്ക്ക് ദാദാജിയെപ്പോലെയുള്ള കർഷകരുടെ പങ്ക് വളരെ വലുതാണ്. തങ്ങളുടെ ഉത്പന്നങ്ങൾക്ക് ന്യായമായ വില കിട്ടിയാലേ കർഷകരുടെ സ്ഥിതി മെച്ചപ്പെടുകയുള്ളൂ എന്ന് പറയുമ്പോഴും കാർഷിക പ്രശ്നങ്ങൾക്ക് സ്വന്തമായി ഉത്തരം കണ്ടെത്താനാണ് ദാദാജി ശ്രമിച്ചത്. എന്തായാലും എച്ച്.എം.ടി. നിലനിൽക്കുന്നിടത്തോളം കാലം ദാദാജി ഖൊബ്രഗാഡെ എന്ന കർഷകൻ ഓർമിക്കപ്പെടും എന്നത് വ്യക്തം. ■

ഗ്രൂപ്പ് അറിയപ്പെടുന്നത്. ഇതൊരു സന്നദ്ധ സർട്ടിഫിക്കേഷൻ ആണ്. ആയിരക്കണക്കിന് കർഷകർ ഇതിൽ ചേരുകയും ജൈവകൃഷി ചെയ്യാനായി പ്രതിജ്ഞ എടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ കൗൺസിലിനെ സർക്കാർ അംഗീകരിച്ചിട്ടില്ല. അതായത് ജൂലായ് ഒന്നുമുതൽ ഈ സർട്ടിഫിക്കേഷൻ നിയമ വിരുദ്ധമാകും. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ഏറെ പ്രവർത്തിച്ചവരാണിവർ. ഒരുപാടു ചെറുകിട കർഷകർക്കും സ്ത്രീകർഷകർക്കും ആദിവാസികൾക്കും ഇതുകൊണ്ട് ഗുണം ഉണ്ടായിട്ടുണ്ട്. ഇവരെയൊക്കെ പി.ജി.എസ്. ഇന്ത്യ വ്യവസ്ഥയിലേക്കു കൊണ്ടുവരാൻ ഉടനെ സാധിക്കില്ല.

ഇന്നുള്ള മിക്ക ആർ.സികളും സ്വന്തം ജോലിക്കാരെ വച്ച് യാതൊരു ഫണ്ടും ഇല്ലാതെ ഒരു സന്നദ്ധ പ്രവർത്തനമായാണ് സർട്ടിഫിക്കേഷൻ ചെയ്യുന്നത്. ചെലവ് കുറവാണ് എന്ന് പറയുമെങ്കിലും ഒരുപാടു രേഖകൾ ഇതിനുവേണ്ടി തയ്യാറാക്കേണ്ടതുണ്ട്. ആർ സികൾക്ക് ഇതിന് ചെലവ് വരുകയും ചെയ്യും. ജൈവ കർഷകരെ ജൂലായ് ഒന്ന് എന്ന കടമ്പ കടത്താൻ അതിനാൽ ഇവർക്കു പരിമിതികളുണ്ട്. ഒരു വശത്ത് ജൈവ ഉത്പന്ന സർട്ടിഫിക്കറ്റ് എടുക്കുന്നതുമായി ഇത്ര ബുദ്ധിമുട്ടുകൾ കർഷകർ നേരിടുമ്പോളാണ് ഭക്ഷ്യസുരക്ഷാവകുപ്പ് ഈ സർട്ടിഫിക്കേഷൻ നിർബന്ധമാക്കുന്നത്.

ഇങ്ങനെയിരിക്കെ മറുവശത്ത് ഭൂമിയെയും ഉപഭോക്താക്കളെയും വിഷംകുടിപ്പിക്കുന്ന കർഷകർക്കുമേൽ യാതൊരു നിയന്ത്രണവും ഭക്ഷ്യസുരക്ഷാവകുപ്പ് വെക്കുന്നില്ല. ഉപയോഗിക്കുന്ന കീടനാശിനിയെപ്പറ്റിയോ അതിൻെറ അവശിഷ്ടങ്ങളെപ്പറ്റിയോ ഒരു വിവരവും ഉത്പന്നങ്ങളുടെ ലേബലിൽ അവർ കാണിക്കേണ്ടതില്ല. എന്നാൽ വിഷങ്ങളൊന്നും ഉപയോഗിക്കാതെ സുരക്ഷിതമായി കൃഷി ചെയ്യുന്ന ജൈവകർഷകർ ഇതൊന്നും ഉപയോഗിക്കുന്നില്ല എന്ന് സർട്ടിഫിക്കേഷനിലൂടെയും പരിശോധനകളിലൂടെയും ലേബലിങ്ങിലൂടെയും തെളിയിക്കേണ്ട ഗതികേടിലാണ്.

സർക്കാർ സംവിധാനങ്ങൾ അടുത്തകാലത്താണ് ജൈവകൃഷിയെ അംഗീകരിച്ചതു തന്നെ. അതിൻെറ വളർച്ചയ്ക്ക് സഹായിക്കുന്നതിനു പകരം ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടു വരുന്നത് അങ്ങേയറ്റം നിർഭാഗ്യകരമാണ്.

**നിർബന്ധ ജൈവസർട്ടിഫിക്കേഷൻ നീതീകരിക്കാനാവില്ല**. ആയിരക്കണക്കിന് കർഷകരാണിന്ന് ജൈവകൃഷി ചെയ്യുന്നത്. രാസവസ്തുക്കൾ ഉപേക്ഷിച്ച് ഈ കൃഷിയിലേക്കു വന്നവരും പുതുതായി കൃഷിയിലേക്കിറങ്ങിയ യുവാക്കളും ഈ രംഗത്തുണ്ട്. സർക്കാരിൽനിന്ന് കാര്യമായ സഹായങ്ങളൊന്നുമില്ലാതെയും രാസകൃഷി ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ടുകൊണ്ടുമാണ് ജൈവകൃഷി വികസിപ്പിച്ചെടുക്കുന്നത്. പ്രകൃതിക്കും മനുഷ്യനും ഗുണകരമായ ഒരു ഭക്ഷ്യ വ്യവസ്ഥ വളർത്തിക്കൊണ്ടുവരുവാൻ ശ്രമിക്കുന്ന ജൈവകർഷകരെ നിയന്ത്രിക്കുകയും, രാസ വസ്തുക്കളും വെള്ളവും ദുരുപയോഗം ചെയ്ത് കൃഷി ചെയ്യുന്നവരുടെ നേരേ മിണ്ടാതിരിക്കുകയും ചെയ്യുന്നത് അനീതി മാത്രമല്ല അസംബന്ധം കൂടിയുമാണ്. വരുംതലമുറകളെയും സഹജീവികളെയും ജൈവവൈവിധ്യത്തെയും സംരക്ഷിക്കുന്നവർ തങ്ങളുടെ ഉദ്ദേശ്യവും പ്രവൃത്തിയും തെളിയിക്കണമെന്നും, അതിന് പണം ചെലവാക്കണം എന്നും പറയുന്നതിലെ യുക്തി എന്താണ്?

**ഗുണനിലവാരം മുഴുവനായും ഉറപ്പാക്കാൻ സർട്ടിഫിക്കേഷന് കഴിയില്ല**. ജൈവ സർട്ടിഫിക്കറ്റ് നേടിയ കുറെ കർഷകർ നമ്മുടെ നാട്ടിൽ ഇന്നുണ്ട്. ഇവരിൽ കൂടുതലും കയറ്റുമതിക്കായി കൃഷിചെയ്യുന്ന ജൈവ കർഷകരാണ്. ഓർഗാനിക് ഇന്ത്യ സർട്ടിഫിക്കറ്റ് പൈസ കൊടുത്തു നേടിയവരാണ് കൂടുതലും. ആഴ്ചച്ചന്തകളിലും ചെറുകിട ജൈവ റീടെയിലിലും ഉത്പന്നങ്ങൾ കൊടുക്കുന്ന സർട്ടിഫിക്കറ്റ് ഉള്ളവരും ഇല്ലാത്തവരുമായ കർഷകരും നമ്മുടെ നാട്ടിലുണ്ട്. ഉത്പാദകരും ജൈവസംരംഭകരും സന്നദ്ധ സംഘടനകളും തമ്മിൽ ഉണ്ടാക്കിയെടുത്ത വിശ്വാസ്യമായ, സുതാര്യമായ ഒരു വ്യവസ്ഥയാണതിൻെറ അടിസ്ഥാനം. വളർന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണിത്. ഇതിലേതാണ് കൂടുതൽ നല്ലത് എന്ന് പറയാനാകില്ല. എങ്കിലും ചെറുകിട സംരംഭങ്ങൾ കൂടുതൽ സുതാര്യമാണെന്നു പറയാതെ വയ്യ.

ഇന്ന് ജൈവവിപണി നടത്തുന്ന മിക്ക സംരംഭകരും നേരിട്ട് പരിശോധന നടത്തിയാണ് ഉത്പന്നങ്ങൾ എടുക്കുന്നത്. ഇത് വിപണിയോടുള്ള വിശ്വാസ്യത കൂട്ടാൻ സഹായിക്കുന്നു.

ഒട്ടനവധി പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന, ശൈശവാവസ്ഥയിലുള്ള ഒരു മേഖലയാണ് ജൈവകൃഷിയും പ്രാദേശിക ദേശീയ വിപണിയും. ഈ മേഖല രാജ്യത്തിന് ഏറെ പ്രധാനപ്പെട്ട ഒരു മേഖലയാണ്. ഇതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നത് ഈ മേഖലയുടെ വളർച്ചതന്നെ മുരടിപ്പിക്കും. അതിനർഥം ഒരു കാലത്തും നിയന്ത്രണം പാടില്ലെന്നല്ല. നമ്മുടെ നാടിൻെറ യാഥാർഥ്യങ്ങൾ മനസ്സിലാക്കി, കർഷകരെയും ചെറുകിട ▶


Always with quality books

GREEN BOOKS

പുതിയ പുസ്തകങ്ങൾ
വൈവിധ്യം നിറഞ്ഞ പ്രമേയങ്ങൾ

**എഴുത്തുകാരനും കന്യകമാരും**
കന്യകമാരെ തേടിയലയുന്ന എഴുത്തുകാരൻ. ജീവിതത്തിന്റെ നൈതികത തന്നെയാണ് പ്രമേയം.
താഹ മാടായി
നോവൽ - വില: 95

**കോഫി ഹൗസ്**
ഒരു കോഫിഹൗസ് കൊലപാതകത്തിന്റെ അവിശ്വസനീയമായ ചുരുളുകൾ.
ലാജോ ജോസ്
കുറ്റാന്വേഷണ നോവൽ
വില: 270

**വെള്ളൻ ദൈവം**
ജാതീയതയുടെ തീവ്രത നിറഞ്ഞ ദളിത് ജീവിതങ്ങൾ. ദളിതന്റെ മുറിപ്പാടിലൂടെ ഒരു വെള്ളൻ ദൈവം പിറവിയെടുക്കുന്നു.
മുണ്ട്യാടി ദാമോദരൻ
നോവൽ - വില: 225

**പടക്കാറ്റ്**
തീവ്രവാദ ക്യാമ്പിലകപ്പെട്ട ഒരു സൗദി യുവാവിന്റെ കഥ.
എ.പി. അഹമ്മദ്
നോവൽ - വില: 185

**ഷഡ്പദം**
ആൾദൈവങ്ങളുടെയും ആശ്രമജീവിതത്തിന്റെയും അന്തസ്സാരശൂന്യത പ്രമേയമാക്കുന്ന കൃതി. രാമനുണ്ണിയുടെ ധർമ്മസങ്കടങ്ങൾ.
സജിൽ ശ്രീധർ
നോവൽ - വില: 215

info@greenbooksindia.com
തൃശൂർ 0487 - 2422515, 2381066, 0487-2381039
പാലക്കാട് 0491 - 2546162
കണ്ണൂർ 0497-2763038
കോഴിക്കോട് 0495-4854662
തിരുവനന്തപുരം 0471-2335301

Online Bookstore
www.greenbooksindia.com

GB/14211



▶ ജൈവ സംരംഭകരെയും സഹായിക്കുന്ന ഒരു വഴിയാണ് സർക്കാർ സ്വീകരിക്കേണ്ടത്. ഇല്ലെങ്കിൽ പൈസ കൊടുത്തു ജൈവ സർട്ടിഫിക്കറ്റ് കരസ്ഥമാക്കാൻ കഴിവുള്ള കുറച്ചു വലിയ ആളുകളിലേക്ക് ഈ മേഖല ചുരുങ്ങും.

**ഭക്ഷ്യസുരക്ഷാനിയമത്തിൽ ചേർത്തിട്ടുള്ള ചില ഇളവുകൾ യുക്തിഭദ്രമല്ല.** നേരിട്ട് വില്പന നടത്തുന്ന ചെറുകിട ജൈവ കർഷകരുടെ ഉത്പന്നങ്ങൾക്ക് നിയമം ഇളവ് നൽകുന്നുണ്ട്. അത് നല്ലതുതന്നെയാണ്. എന്നാൽ അഞ്ച് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള ഒരാൾ ചെറുകിട കർഷകനല്ല. അതുകൊണ്ടവർക്ക് കൂടുതൽ പണം ചെലവാക്കി സർട്ടിഫിക്കറ്റ് എടുക്കുകതന്നെ വേണം. ഇത് ഉല്പന്നത്തിൻെറ വില വീണ്ടും കൂട്ടാൻ ഇടയാക്കും. ഇത് വിപണിയെ ബാധിക്കുകയും ചെയ്യും. ഇത്തരം ആളുകളെ ഇന്ന് സഹായിക്കുന്നത് ചെറുകിട ജൈവ സംരംഭകരാണ്. ഇവരെ വാസ്തവത്തിൽ സാമൂഹ്യസംരംഭകരായിട്ടാണ് സർക്കാർ കാണേണ്ടത്. സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്കെന്നപോലെ ഇവർക്കും ഇളവുകളും സാമ്പത്തിക സഹായങ്ങളും നൽകുകയാണ് വേണ്ടത്. അല്ലാതെ അപ്രായോഗികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി തളർത്തുകയല്ല വേണ്ടത്.

**കേരളത്തിൽ 2010-ൽ ജൈവകാർഷിക നയം നിലവിൽ വന്നതിനുശേഷം. കാർഷിക മേഖലയ്ക്ക്. പ്രത്യേകിച്ചും പഴം പച്ചക്കറി മേഖലയ്ക്ക്. ഉണർവ് ഉണ്ടായി. ജൈവകൃഷിയിലേക്കിറങ്ങിയ കുടുംബശ്രീ കർഷകരും ജൈവവിപണിയിലേക്ക് കടന്നുവരുന്നുണ്ട്. ഇവർക്കൊക്കെത്തന്നെ ഈ നിയമം വലിയപ്രശ്നമായി വരും .**

## ജൈവകൃഷിയിലെ കള്ളനാണയങ്ങൾ

ജൈവകാർഷിക വിപണിയിൽ ചില കള്ളത്തരങ്ങൾ നടക്കുന്നു എന്നതാണ് ഈ നിയമം തിരക്കുപിടിച്ച് നടപ്പാക്കാനുള്ള ഒരു ന്യായമായി പറയുന്നത്. ഇന്ത്യയിലെ ഇന്നത്തെ ഭക്ഷ്യവിപണിയുടെ 0.1 ശതമാനം മാത്രമാണ് ഇന്ന് ജൈവ ഉത്പന്നങ്ങൾക്കുള്ളത്. ഇതിൽ കള്ളത്തരങ്ങൾ കാണിക്കുന്നവർ അതിലും ചെറിയ ശതമാനം ആയിരിക്കും. എന്നാൽ ഇതിൻെറ പേരിൽ ഇത്രയും ചെറിയൊരു വിഭാഗത്തെ മൊത്തമായി ശിക്ഷിക്കുന്നത് ശരിയാണോ? നിയമവിരുദ്ധമായി ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവസ്തുക്കളും അമിതമായ അളവിൽ കീടനാശിനി അവശിഷ്ടങ്ങളും ഉള്ള ഭക്ഷ്യവസ്തുക്കൾ വിൽക്കുന്നത് നിയന്ത്രിക്കാൻ ഭക്ഷ്യസുരക്ഷാ അതോറിറ്റി യാതൊരു നടപടിയും സ്വീകരിക്കുന്നുമില്ല!

ഇന്ത്യയിലെ വിത്ത് വിപണി സാമാന്യം വലുതാണ്. നിയമപരമായി വിത്ത് ഒരു അവശ്യവസ്തുവാണ്. എന്നാൽപോലും ഇത് വിൽക്കാൻ സർട്ടിഫിക്കേഷൻ നിർബന്ധമല്ല . 'സത്യസന്ധമായി ലേബൽ' ചെയ്താൽ മതി. അതിനെക്കാൾ ചെറിയ വിപണിയേ ജൈവ ഉത്പന്നങ്ങൾക്കുള്ളൂ.

## സർക്കാരിൻെറ ഉത്തരവാദിത്വം

ജൈവ ഉത്പന്നങ്ങൾക്കുള്ള സർട്ടിഫിക്കേഷൻ നിർബന്ധമാക്കുന്നതിനുമുൻപ് സർക്കാർ ചെയ്യേണ്ടത് അതിനു വേണ്ട സംവിധാനങ്ങൾ ലളിതമാക്കുകയും ചെലവ് കുറഞ്ഞതാക്കുകയും ചെയ്യുക എന്നതാണ്. അത് നടപ്പാക്കുംവരെ സർട്ടിഫിക്കേഷൻ നിർബന്ധമാക്കിക്കൂടാ. ജൈവ വിപണി പൂർണമായും ശുദ്ധമാകണമെങ്കിൽ അതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ(സംഭരണം, മൂല്യ വർധന, മില്ലിങ് തുടങ്ങിയവ) ഉണ്ടാക്കാനും ജൈവ സംരംഭകരെ സർക്കാർ സഹായിക്കേണ്ടതുണ്ട് . ഇപ്പോഴത്തെ നിയമത്തിൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് മാത്രമല്ല സർട്ടിഫിക്കേഷൻ വേണ്ടത്, അരി , ശർക്കര, അവിൽ തുടങ്ങിയ മൂല്യ വർധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന മില്ലുകൾക്കും സർട്ടിഫിക്കേഷൻ വേണം. സ്വന്തമായി ഈ സംവിധാ

നങ്ങൾ ഇന്ന് കർഷകർക്കോ ജൈവ സംരംഭകർക്കോ ഇല്ല. ഈ സംവിധാനങ്ങൾ നിലവിൽ വന്നാൽ ഗുണനിലവാര പരിശോധനപോലും എളുപ്പമാകും. ഉപഭോക്താവിനും കർഷകനും ചെറുകിട സംരംഭകർക്കും ഇത് ഗുണംചെയ്യും. കൂടുതൽ ചെറുപ്പക്കാരെ ഈ മേഖലയിലേക്ക് ആകർഷിക്കാനും കഴിയും. ചെലവ് കുറഞ്ഞ ഉത്പന്ന പരിശോധനാ സംവിധാനങ്ങളും സർക്കാർ ചെയ്തുകൊടുക്കേണ്ടതുണ്ട്.

**വിപണിയില്ലാതെ ജൈവകൃഷി വ്യാപനം ബുദ്ധിമുട്ടാണ്.** ന്യായമായ വില നൽകി ഉത്പന്നങ്ങൾ എടുക്കാൻ ആളില്ലെങ്കിൽ ജൈവകൃഷി ഒരു പരിധിക്കപ്പുറം വളരുകയില്ല. എന്നാൽ സർട്ടിഫിക്കേഷൻ നിർബന്ധമാക്കിക്കൊണ്ടുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിൻെറ ഇപ്പോഴത്തെ നടപടികൾ ജൈവവിപണിയെ തീർച്ചയായും ബാധിക്കും. ഉത്പന്നങ്ങൾ വിൽക്കാൻ പറ്റാത്ത അവസ്ഥ സംജാതമാകും. ഇത് ഉപഭോക്താക്കളെയും പ്രതികൂലമായി ബാധിക്കും. സർട്ടിഫിക്കറ്റ് ഉള്ള വൻകിടക്കാരുടെ കൈയിൽനിന്ന് മാത്രമേ അവർക്ക് ഉത്പന്നങ്ങൾ വാങ്ങാൻ സാധിക്കുകയുള്ളൂ. പല ഉപഭോക്താക്കളും ചെറുകിട കർഷകരോടുള്ള തങ്ങളുടെ ഉത്തരവാദിത്വത്തിൽനിന്നാണ് ജൈവ ഉത്പന്നങ്ങൾ വാങ്ങാൻ തുടങ്ങിയിട്ടുള്ളത്. അത്തരക്കാരെ ഈ നിയമം വല്ലാതെ നിരാശരാക്കും.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിതമായ ഭക്ഷണം സാധാരണ ജനങ്ങൾക്ക് കിട്ടാനുള്ള വഴികൾ ഉറപ്പാക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. അല്ലാതെ ഇത്തരം അശാസ്ത്രീയമായ , യാഥാർഥ്യബോധമില്ലാത്ത നിയന്ത്രണങ്ങൾ കൊണ്ടുവരികയല്ല. വൻകിട കർഷകരെയും കച്ചവടക്കാരെയും മാത്രമേ ഇത്തരം നടപടികൾ സഹായിക്കുകയുള്ളൂ.

## പ്രത്യാഘാതങ്ങൾ കേരളത്തിലും

കേരളത്തിൽ 2010- ലാണ് ജൈവകാർഷിക നയം നിലവിൽ വന്നത്. അതിനുശേഷം, കാർഷിക മേഖലയ്ക്ക്, പ്രത്യേകിച്ചും പഴം പച്ചക്കറി മേഖലയ്ക്ക്, ഒരു പുതിയ ഉണർവ് ഉണ്ടായിട്ടുണ്ട്. മടിച്ചുനിന്നിരുന്ന പലരും ജൈവ കാർഷിക മേഖലയിലേക്ക് കടന്നുവരികയും ചെയ്തിട്ടുണ്ട്. ജൈവകൃഷി ചെയ്യുന്ന വ്യക്തികളും കൂട്ടായ്മകളും സംഘടനകളും ഈ അടുത്തകാലത്ത് ജൈവ സംരംഭകരും ആയിട്ടുണ്ട്. ഇവരിൽ അധികവും ഒരു സർട്ടിഫിക്കറ്റും വെച്ചല്ല വില്പന നടത്തുന്നത്. തങ്ങൾ ചെയ്യുന്നത് സത്യസന്ധവും ശുദ്ധവുമാണെന്ന വിശ്വാസ്യത ഉപഭോക്താക്കൾക്ക് ഉണ്ടാക്കിക്കൊടുത്താണ് ലാഭം പോലും എടുക്കാതെ ഈ ചെറുവിപണിയെ ഇവർ വളർത്തിക്കൊണ്ടുവരുന്നത്. ജൈവകൃഷിയിലേക്കിറങ്ങിയ കുടുംബശ്രീ കർഷകരും ജൈവവിപണിയിലേക്ക് കടന്നുവരുന്നുണ്ട്. ഇവർക്കൊക്കെത്തന്നെ ഈ നിയമം വലിയൊരു പ്രശ്നമായി വരും .

ജൂലായ് ഒന്നുമുതൽ ഈ നിയമം നടപ്പാക്കാൻ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി തീരുമാനിച്ചാൽ സംസ്ഥാന ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർക്ക് ഇത് നടപ്പാക്കേണ്ടിവരും. സർട്ടിഫിക്കറ്റ് ഇല്ലാത്തതിൻെറ പേരിൽ ഇവർക്ക് ആളുകളെ ബുദ്ധിമുട്ടിക്കാം . ജൈവകൃഷിയുടെ പ്രചാരണവും പ്രവർത്തനങ്ങളും മുൻപോട്ട് കൊണ്ടുപോകുന്ന കൃഷിവകുപ്പിനും മറ്റ് സർക്കാർ സംവിധാനങ്ങൾക്കുംതന്നെ ഇതൊരു വെല്ലുവിളിയാകും. കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള സർട്ടിഫിക്കേഷൻ ഇന്നുള്ള ജൈവ കർഷകർക്ക് നൽകാൻതന്നെ സംസ്ഥാന സർക്കാരിന് കുറഞ്ഞത് രണ്ട്-മൂന്ന് വർഷങ്ങളെങ്കിലും വേണ്ടിവരും.

സംസ്ഥാനങ്ങളുമായി ചർച്ച ചെയ്യാതെ, ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുമായി ചർച്ച ചെയ്യാതെ ഡൽഹിയിലിരുന്ന് കുറച്ചുപേർ ഉണ്ടാക്കിയ ഈ നിയമം നമ്മുടെ ജൈവ കാർഷിക മേഖലയ്ക്കും യഥാർഥ ഭക്ഷ്യസുരക്ഷയ്ക്കും വലിയൊരു ഭീഷണിയാണ്. ■


**വായനയിലെ വൈവിധ്യങ്ങൾ**



**അക്ബർ കക്കട്ടിലിന്റെ നാല് നോവലുകൾ**

സ്ത്രൈണം, വടക്കുനിന്നൊരു കുടുംബവൃത്താന്തം, മൃത്യുയോഗം, ഹരിതാഭകൾക്കപ്പുറം എന്നീ നോവലുകളുടെ സമാഹാരം

₹475



**സ്ത്രീ: സഹനം, അതിജീവനം**

പ്രൊഫ.പി.എ.വർഗീസ്

സ്ത്രീസഹനത്തിന്റെയും പീഡനത്തിന്റെയും ചരിത്രം

₹85




**മാലാഖമാർ പാർക്കുന്നിടം**

സമദ് പനയപ്പിള്ളി

പതിനെട്ട് ശ്രദ്ധേയകഥകളുടെ സമാഹാരം

₹70




**കാട, താറാവ് വളർത്തൽ**

ഡോ.പി.കെ.മുഹ്സിൻ

കാട, താറാവ് വളർത്തലിന്റെ പ്രാധാന്യവും ശാസ്ത്രീയ പരിപാലനമുറകളും

₹95



**സഹശയനം**

കവബാത്ത യസുനാരി

വിവ: വിലാസിനി

പ്രശസ്ത ജാപ്പനീസ് നോവലിന്റെ വിവർത്തനം

₹155

പണം മുൻകൂട്ടി അയക്കുന്നവർക്ക് പോസ്റ്റേജ് സൗജന്യം

Shop online from **www.tbsbook.com** and avail special offers

പൂർണയുടെ മുഴുവൻ പുസ്തകങ്ങളുടെയും സൗജന്യ കാറ്റലോഗിന് എഴുതുക

**പൂർണ** പബ്ലിക്കേഷൻസ് കോഴിക്കോട് - 673001

Ph: 9656000373 e-mail : tbsbook@gmail.com

കോഴിക്കോട് • കൽപ്പറ്റ • തിരുവനന്തപുരം

എല്ലാതരം ഇംഗ്ലീഷ്, മലയാളം പുസ്തകങ്ങളും ലഭിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ പുസ്തകശാലാശൃംഖല